വനംമേഖലയിൽ ജോലി ചെയ്യുന്ന മസ്റ്റർ റോൾ വാച്ചർമാരുടെ ജോലിസ്ഥിരത

117 [2990] ശ്രീ. മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം മേഖലയിൽ ജോലി ചെയ്യുന്ന മസ്റ്റർ റോൾ വാച്ചർമാരുടെ ജോലി സ്ഥിരത ഉറപ്പുവരുത്താൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് പറയാമോ;

(ബി) നിലമ്പൂർ വനമേഖലയിലെ സൗത്ത്, നോർത്ത് ഡിവിഷനുകളിലെ മസ്റ്റർ റോൾ പ്രകാരം താത്ക്കാലിക വാച്ചർമാരായി ജോലി ചെയ്തുവരുന്നവരുടെ എണ്ണം എത്രയാണ്;

(സി) ഇവർ മാസത്തിൽ 30 ദിവസം ജോലി ചെയ്താൽ 15 ദിവസത്തെ വേതനം മാത്രമാണ് നൽകുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 30 ദിവസം ജോലി ചെയ്താൽ അത്രയും ദിവസത്തെ വേതനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; ഇപ്പോൾ ഇവർക്ക് ഒരു ദിവസം നൽകുന്ന വേതനം എത്ര;

(ഇ) 2002 മെയ് 5-ന് പുറപ്പെടുവിച്ച ജി.ഒ. (ആർടി.) നമ്പർ 1265/2002/ എൽ.ബി.ആർ. ഉത്തരവ് പ്രകാരം മസ്റ്റർ റോൾ വാച്ചർമാർ അടക്കമുള്ളവർക്ക് പുതുക്കിയ ദിവസക്കൂലി നൽകാത്തത് എന്തുകൊണ്ടാണ്;

(എഫ്) ഇവർക്ക് മേൽപ്പറഞ്ഞ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പുതുക്കിയ ദിവസക്കൂലി നൽകാൻ നടപടി സ്വീകരിക്കുമോ;

(ജി) 6 മാസത്തിൽ ഒരിക്കൽ വേതനം നൽകുന്ന സ്ഥിതിമാറ്റി അതതുമാസം വേതനം ലഭ്യമാക്കുന്നു എന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തികച്ചും താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കുന്ന മസ്റ്റർ റോൾ വാച്ചർമാരെ സ്ഥിരപ്പെടുത്താനുള്ള നടപടികളൊന്നും പരിഗണനയിലില്ല.

(ബി) 140.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) നിലവിലുള്ള നിയമം അനുസരിച്ച് മസ്റ്റർ റോൾ വാച്ചർമാർക്ക് 26 ദിവസം മാത്രമേ ജോലി നൽകുവാൻ പാടുള്ളൂ. ജോലി ചെയ്യുന്ന ദിവസങ്ങളിലെ ശമ്പളം നൽകി വരുന്നുണ്ട്. ഓർഡിനറി ഏരിയായിൽ ജോലി നോക്കുന്നവർക്ക് 92.80 രൂപയും വേരിയബിൾ ഡി.എ.-യും ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ ജോലി

LIBRARY ARCHIVES Kerala Legislative Assembly

നോക്കുന്നവർക്ക് 104.04 രൂപയും വേരിയബിൾ ഡി.എ.-യും വളരെയധികം ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ ജോലി നോക്കുന്നവർക്ക് 116 രൂപയും വേരിയബിൾ ഡി.എ.-യും എന്ന കണക്കനുസരിച്ചാണ് വേതനം നൽകി വരുന്നത്. നിലവിൽ നൽകുന്ന വേരിയബിൾ ഡി.എ. 19.56 ശതമാനം ആണ്.

(ഇ ആന്റ് എഫ്) 21-5-2002-ന് പുറപ്പെടുവിച്ച ജി.ഒ. (ആർടി) നമ്പർ 1265/02/ എൽ.ബി.ആർ. എന്ന ഉത്തരവ് പുനഃപരിശോധനയ്ക്കായി തൊഴിൽ വകുപ്പ് തടഞ്ഞു വച്ചിരിക്കുകയാണ്.

(ജി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് വേതനം നൽകിവരുന്നുണ്ട്.

സർവ്വീസിൽ നിന്നും വിരമിച്ച ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് പുനർ നിയമനം നൽകിയ നടപടി

118 [2991] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിൽ നിന്നും വിരമിച്ച എത്ര ഫോറസ്റ്റ് ഉദ്യോഗസ്ഥർക്ക് ഈ സർക്കാർ വന്നതിനുശേഷം പുനർനിയമനം നൽകിയിട്ടുണ്ട്; ഇവരുടെ പേര് വിവരം തസ്തിക സഹിതം വെളിപ്പെടുത്തുമോ;

(ബി) പുനർനിയമനം എന്തു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(സി) സർവ്വീസിൽ നിന്നും പിരിഞ്ഞശേഷം എത്ര ഓഫീസർമാർക്ക് വനം വകുപ്പിൽ ഐ.എഫ്.എസ്. നൽകി പുനർനിയമനം നൽകിയിട്ടുണ്ട്; ഇതു സംബന്ധിച്ച കേസ്സുകൾ എന്തെങ്കിലും നിലവിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സർവ്വീസിൽ നിന്നും വിരമിച്ചതിനുശേഷം ഒരു ഫോറസ്റ്റ് ഉദ്യോഗസ്ഥന് ഈ സർക്കാർ വന്നതിനുശേഷം ഐ.എഫ്.എസ്സ്.-ൽ കേരള കേഡറിൽ പുനർ നിയമനം നൽകിയിട്ടുണ്ട്. ശ്രീ. പാട്രിക് ഗോമസാണ് ടി രീതിയിൽ നിയമനം ലഭിച്ച വ്യക്തി. കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിലാണ് നിയമനം.

(ബി) ബഹുമാനപ്പെട്ട കോടതി ഉത്തരവിന്റേയും കേന്ദ്ര സർക്കാരിന്റെ നോട്ടിഫിക്കേഷന്റേയും അടിസ്ഥാനത്തിലാണ് പുനർനിയമനം നൽകിയത്.

LIBRARY ARCHIVES Kerala Legislative Assembly